

# വീണ വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ !!

**എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ**
റിട്ട. പ്രിൻസിപ്പാൾ
ചെമ്പൈ ഗവ. മ്യൂസിക് കോളേജ്, പാലക്കാട്



**ചൂ**ണ്ടുവിരലുകളും നടുവിരലും കൊണ്ട് മാറ്റി മാറ്റി വീണ മീട്ടണം. ശബ്ദം ഒരേപോലെ കേൾക്കണം. തകധിമി തകധിമി എന്നു മീട്ടണം. ഇതു പോലെ മീട്ടാൻ വീണ മടിയിൽ വയ്ക്കണമെന്നില്ല. നല്ല പരിശീലനമായതിനു ശേഷം ചൂണ്ടുവിരലു കൊണ്ട് താളം ചൂണ്ടുവിരലാൽ ഇടാൻ പഠിക്കണം. രണ്ടു വിരലും ഒരേസമയത്ത് പ്രവർത്തിക്കണം. ചൂണ്ടുവിരൽ താഴോട്ടും ചൂണ്ടു വിരൽ മുകളിലേക്കും ക്രമാനുഗതമായി വരണം. താളമിടാൻ പഠിച്ച ശേഷം ആദിതാളത്തിൽ 1-ാം, 2-ാം, 3-ാം കാലം താളത്തോടു കൂടി മീട്ടാൻ പഠിക്കണം. ആദിതാളം ഒന്നാംകാലം 8 അക്ഷരത്തിൽ ഒന്നിലും (1) അഞ്ചിലും (5), ഏഴിലും (7) താളമിടണം. ആദിതാളം രണ്ടാം കാലം 16 അക്ഷരത്തിൽ ഒന്നിലും (1), ഒമ്പതിലും (9), പതിമൂന്നിലും (13) താളമിടണം. ആദിതാളം മൂന്നാം കാലം 32 അക്ഷരത്തിൽ ഒന്നിലും (1), പതിനേഴിലും (17), ഇരുപത്തിയഞ്ചിലും (25) താളമിടണം.

ഇവയെല്ലാം ശുദ്ധമായ കാലപ്രമാണത്തോടെ മീട്ടി പഠിച്ചശേഷം 'സരളി' വരിശ പഠിക്കാൻ തുടങ്ങണം. സരളി വരിശ വായിക്കുമ്പോൾ ആരോഹണ ക്രമത്തിൽ ഇടതുകൈ ചൂണ്ടുവിരലും നടുവിരലും ചേർത്ത് വായിക്കണം. അവരോഹണ ക്രമത്തിൽ 'സ നി ധ പ മ ഗ' ഇവ വിരൽ പിരിച്ചു വായിക്കണം. ആദ്യം 'ഗമകം' വായിക്കേണ്ടതില്ല. രണ്ടാമത് സ്വരപല്ലവി ആരോഹണ ക്രമം വിരൽ ചേർത്തും അവരോഹണ ക്രമത്തിൽ തിരിച്ചും വായിക്കണം.

അടുത്തത് ജെണ്ഡ വരിശ പഠിക്കണം. വീണയുടെ പഞ്ചമകമ്പിയിൽ 'സസ രിരി' വായിച്ച് സാരണയിൽ 'ഗഗ മമ പപ ധധ നിനി സസ' വായിക്കണം. അവരോഹണ ക്രമത്തിൽ ചൂണ്ടുവിരൽ ഷഡ്ജത്തിൽ വച്ച് മറിച്ചു വായിക്കണം. അതായത് ആദ്യത്തെ 'സ' ചൂണ്ടുവിരലും മറിക്കുമ്പോൾ നടുവിരൽ ഷഡ്ജത്തിലും ചൂണ്ടു വിരൽ നിഷാധത്തിലും വരും. (അതായത് അടുത്ത മട്ടിൽ വരണം) ഇതുപോലെ അവരോഹണം മുഴുവനും വായിക്കണം. ജെണ്ഡ വരിശ വായിക്കുമ്പോൾ നല്ലതുപോലെ വിരലുകൾ പൊക്കിയടിച്ച് വായിക്കണം.

അടുത്തത് സപ്തതാള അലങ്കാരം വായിക്കണം. മുമ്പ് പറഞ്ഞതു പോലെ ആരോഹണ ക്രമത്തിൽ വിരൽ ചേർത്തും അവരോഹണ ക്രമത്തിൽ പിരിച്ചും വായിക്കണം. ഇതിലും ഗമകം വേണ്ട. സപ്തതാള അലങ്കാരം പഠിച്ച ശേഷം സരളി വരിശയിൽ ഗ-നി എന്ന സ്വരങ്ങളിൽ 1-ാം കാലത്തിൽ 2 ഗമകം വീതവും 2-ാം കാലത്തിൽ 1 ഗമകം വീതവും വായിക്കണം. ജെണ്ഡ വരിശയ്ക്ക് ഗമകം വേണ്ട. സപ്തതാള അലങ്കാരത്തിനും 1-ാം കാലം രണ്ട് ഗമകവും 2-ാം കാലം 1 ഗമകവും വായിക്കണം. ഗീതം തൊട്ട് ഗമകം ആവശ്യമാണ്. ഗമകം നന്നായി ഉറച്ചതിനു ശേഷം മാത്രമേ ഗീതം തുടങ്ങാവൂ. സരസ്വതീ കടാക്ഷത്തിന് പ്രാർത്ഥിച്ച് കുട്ടികൾ ഇതുപോലെ പരിശീലനം നടത്തേണ്ടതാണ്